LIBRARY ARCHIVES Kerala Legislative Assembly

പാവയിൽ ചീർപ്പ് ഭാഗത്ത് പുതിയ പാലം പണിയുന്നതിന് അടിയന്തര നടപടി

239 (836) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിനേയും കക്കോടി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന പുത്തൂർ പുഴയിൽ പാവയിൽ ചീർപ്പ് ഭാഗത്ത് ഒരു പുതിയ പാലം പണിയുന്നതിനുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; ഈ പാലം യാഥാർത്ഥ്യമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ദേശീയപാത 17-ൽ കോരപ്പുഴയുടെ കുറുകെ ഒരു പുതിയ പാലം പണിയണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ പാലം പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. എൻ.എച്ച്.17-ൽ നിലവിലുള്ള കോരപ്പുഴ പാലത്തിന് സമാന്തരമായി പുതിയപാലം നിർമ്മിക്കുന്നതിനുള്ള സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

പൊന്നാനി-വെങ്ങളം തീരദേശപാത നിർമ്മാണം

240 (837) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി-വെങ്ങളം തീരദേശപാത യാഥാർത്ഥ്യമായാൽ കോഴിക്കോടിനും കൊച്ചിക്കുമിടയിലുള്ള ദൂരം 215-ൽ നിന്നും 171 കിലോമീറ്ററായി കുറയുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ 2002-ൽ ആർ.ഐ.ടി.ഇ.എസ്., 2009-ൽ കിറ്റ്കോ എന്നീ സ്ഥാപനങ്ങൾ ഇതു സംബന്ധമായ പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ ;

(സി) തീരദേശപാതയിൽപ്പെടുന്ന കടലുണ്ടി പാലം ഗതാഗതത്തിന് തുറന്നു കൊടുത്തതും നിർദ്ദിഷ്ട പാതയുടെ ചില ഭാഗങ്ങളിൽ പഴയ ടിപ്പുസുൽത്താൻ റോഡ് നിലനിൽക്കുന്നതും പാത നിർമ്മാണത്തിന്റെ ചെലവ് ഏറെ കുറയ്ക്കുന്ന ഘടകങ്ങളാണെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കിറ്റ്കോ 2009-ൽ സമർപ്പിച്ച ആദ്യത്തെ റിപ്പോർട്ടിൽ പൊന്നാനി-ഏലത്തൂർവരെയാണ് ഉൾപ്പെടുത്തിയിരുന്നത്. ഇത് വെങ്ങളം വരെ നീട്ടികൊണ്ടുള്ള പുതിയ റിപ്പോർട്ട് 2010 നവംബറിൽ ആർ.ബി.ഡി.സി.കെ-ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

വയനാട് ജില്ലയിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പുരോഗതി

241 (838) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുവർഷങ്ങളിൽ വയനാട് ജില്ലയിൽ റോഡുകളുടെ നിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ താലൂക്ക്തല വിശദാംശം വ്യക്തമാക്കുമോ ;

(ബി) വൈത്തിരി താലൂക്കിൽ കഴിഞ്ഞ നാലുവർഷങ്ങളിൽ നടത്തിയ റോഡ് പുനരദ്ധാരണ പ്രവൃത്തിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) വൈത്തിരി താലൂക്കിൽ നടപ്പുവർഷം ഭരണാനുമതി ലഭിച്ച റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വൈത്തിരി താലൂക്കിൽ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണത്തിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly